ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.07.2025**

## പ്രധാനവാർത്തകൾ

1. വിദേശപര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിലെത്തും. തൂത്തുക്കുടിയിൽ നാലായിരത്തി എണ്ണൂറ് കോടിയിലധികം രൂപയുടെ വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കും

2. ഇന്ന് കാർഗിൽ വിജയ് ദിവസ്. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര സൈനികർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രിയും

3. സംസ്ഥാനത്തും വിപുലമായ പരിപാടികളോടെ കാർഗിൽ വിജയ് ദിവസ് ആചരിക്കുന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പാങ്ങോട് സൈനിക കേന്ദ്രത്തിലെത്തി ധീര രക്തസാക്ഷികൾക്ക് പുഷ്പാർച്ചന നടത്തി

4. സ്കൂളിൽ വൈദ്യുതാഘാതമേറ്റ് വിദ്യാർത്ഥി മരിച്ച സംഭവത്തിൽ തേവലക്കര ബോയ്സ് ഹൈസ്കൂൾ മാനേജരെ പിരിച്ചുവിട്ടെന്ന് മന്ത്രി വി ശിവൻകുട്ടി

5. സംസ്ഥാനത്ത് വ്യാപക മഴ. ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്

6. വനിത ചെസ് ലോകകപ്പ് ഫൈനലിലെ ആദ്യമത്സരത്തിൽ ഇന്ന് കൊനേരു ഹംപിയും ദിവ്യ ദേശ് മുഖും ഏറ്റുമുട്ടും.

RNU TVPM

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി -തമിഴ്നാട്

യുകെ, മാലദീപ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിലെത്തും. രാത്രി എട്ടുമണിയോടെ തൂത്തുക്കുടിയിൽ നടക്കുന്ന പരിപാടിയിൽ നാലായിരത്തി എണ്ണൂറ് കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കമിടും. തൂത്തുക്കുടി വിമാനത്താവളത്തിലെ പുതിയ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. കൂടംകുളം ആണവ നിലയത്തിൽ നിന്ന് വൈദ്യുതി വിതരണം ചെയ്യാനുള്ള അന്തർസംസ്ഥാന വൈദ്യുതി പ്രസരണ പദ്ധതിക്ക് തറക്കല്ലിടും.

RNU TVPM

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി-റെയിൽപ്പാത

നാഗർകോവിൽ ടൗൺ-കന്യാകുമാരി, ആരൽവായ്മൊഴി-നാഗർകോവിൽ ജംഗ്ഷൻ ഇരട്ട റെയിൽപ്പാതകളും പ്രധാനമന്ത്രി ഇന്ന് നാടിനു സമർപ്പിക്കും. തിരുവനന്തപുരം-കന്യാകുമാരി പദ്ധതിയിലുൾപ്പെട്ട നാഗർകോവിൽ മുതൽ കന്യാകുമാരി

വരെയുള്ള 21 കി.മീ. പാത ഇരട്ടിപ്പിക്കൽ 650 കോടിയാണ് ചെലവ്.

&&&&&&&&&&&&&&&&&&

## **കാർഗിൽ വിജയ് ദിവസ്**

1999-ലെ കാർഗിൽ യുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച ഇന്ത്യൻ സൈനികരുടെ ധീരതയെ ആദരിക്കുന്നതിനായി ഇന്ന് രാജ്യം കാർഗിൽ വിജയ് ദിവസ് ആചരിക്കുന്നു.

(മ്യൂസിക്)

പാകിസ്ഥാനെതിരായ ഇന്ത്യയുടെ വിജയത്തിന്റെ 26-ാം വാർഷികമാണ് ഇന്ന്. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര സൈനികർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരാഞ്ജലികൾ അർപ്പിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിലെ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. സേനാ മേധാവിമാരും ഉന്നത ഉദ്യോഗസ്ഥരും സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

## **കാർഗിൽ വിജയ് ദിവസ് -കേരളം**

കേരളത്തിലും കാർഗിൽ വിജയ് ദിവസ് വിവിധ പരിപാടികളോടെ ആചരിച്ചു. ഗവർണർ രാജേന്ദ്ര

വിശ്വനാഥ് അർലേക്കർ തിരുവനന്തപുരത്തു പാങ്ങോട് സൈനിക കേന്ദ്രം സന്ദർശിച്ചു. ധീര രക്തസാക്ഷികൾക്ക് പുഷ്പാർച്ചന നടത്തി.

പാളയം യുദ്ധ സ്മാരകത്തിൽ എയർ വെറ്ററൻസ് അസോസിയേഷൻ പ്രസിഡന്റ് വേണു വടക്കേടവും ഗ്രൂപ്പ് ക്യാപ്റ്റൻ പി കർമചന്ദ്രനും പുഷ്പചക്രം അർപ്പിച്ചു.

റിട്ടയേഡ് ഡിഫൻസ് സർവീസ് ഓഫീസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ തൃശ്ശൂർ അമർജവാൻ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി.

തൃശൂർ അയ്യന്തോൾ അമർജവാൻ സ്മാരകത്തിൽ ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി രമേശ് പുഷ്പാർച്ചന നടത്തി. അഖില ഭാരതീയ പൂർവ്വ സൈനിക സേവാ പരിഷത്ത് കണ്ണൂർ മഹാത്മാ മന്ദിരത്തിൽ വിജയ് ദിവസിൻറെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ബിജെപി കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റി ദീപശിഖാ പ്രയാണവും യുദ്ധസമാരകത്തിൽ പുഷ്പാർച്ചനയും നടത്തും.

&&&&&&&&&&&&&&&&&&

## കാർഗിൽ-പത്തനംതിട്ട

കാർഗിൽ വിജയ് ദിവസി നോട് അനുബന്ധിച്ച് പത്തനംതിട്ട ജില്ലാ കളക്ട്രേറ്റിലെ കാർഗിൽ സ്മാരകത്തിൽ

RNUTVPM

പരിപാടി സംഘടിപ്പിച്ചു. പത്തനംതിട്ട ജില്ലാ കളക്ടർ പ്രേം കൃഷ്ണൻ ഐ എ എസ് കാർഗിൽ യുദ്ധ സ്മാരകത്തിലും , മഹാത്മാ ഗാന്ധി പ്രതിമയിലും പുഷ്പാർച്ചന നടത്തി .

&&&&&&&&&&&&&&&&&&

**കാർഗിൽ-കൊല്ലം**

കാർഗിൽ വിജയ് ദിവസ് ഇരുപത്താറാം വാർഷികത്തിൽ BJP കൊല്ലം നഗരത്തിൽ സംഘടിപ്പിച്ച പരിപാടി സംസ്ഥാന വക്താവ് റിട്ടയേർഡ് കേണൽ ഡിന്നി ഉദ്ഘാടനം ചെയ്തു. വീരചരമം പ്രാപിച്ച സെക്കൻ്റ് ലഫ്റ്റനൻ്റ് രാധാ മോഹൻ നരേഷിൻ്റെ ആശ്രാമത്തെ സ്മൃതികുടീരത്തിലെ പ്രതിമയിൽ അദ്ദേഹം ഹാരാർപ്പണം നടത്തി.

RNU TVPM

&&&&&&&&&&&&&&&&&&

**മൻ കീ ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പരിപാടിയുടെ മലയാള പരിഭാഷയും ഉണ്ടായിരിക്കുന്നതാണ്.

&&&&&&&&&&&&&&&&&&

**നല്ല വാർത്ത**

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**മഴ-കേരളം**

സംസ്ഥാനത്ത് വ്യാപകമഴ. മൂന്ന് ദിവസം ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് 7 ജില്ലകളിൽ മഞ്ഞജാഗ്രതയാണ്. ഈ മാസം 28 വരെ മത്സ്യബന്ധനം പാടില്ല.

RNU TVPM

&&&&&&&&&&&&&&&&&&

**പത്തനംതിട്ട-മഴ-ഇൻട്രോ**

പത്തനംതിട്ട ജില്ലയിൽ മഴ തുടരുന്നു. മഴയിലും ശക്തമായ കാറ്റിലും ജില്ലയിൽ വ്യാപകനാശനഷ്ടമുണ്ടായി.

***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ***

*(വോയിസ്)*

**&&&&&&&&&&&&&&&&&&**

**അരുവിക്കര ഡാം**

തിരുവനന്തപുരം ജില്ലയിൽ ശക്തമായ മഴയുള്ളതിനാൽ പേപ്പാറ, അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി. ഇരു ഡാമുകളുടെയും സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് കലക്ടർ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

RNU TVPM

**തെന്മല ഡാം**

കൊല്ലം തെന്മല പരപ്പാർ ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴതുടരുന്നതിനാൽ ഡാമിൻറെ 2 ഷട്ടറുകൾ 5സെൻറിമീറ്റർ വീതം തുറന്നു. പരമാവധി 80 സെന്റീമീറ്റർ വരെ പടിപടിയായി ഉയർത്തി അധികജലം കല്ലടയാറ്റിലേക്ക് ഒഴുക്കി വിടും. തീരപ്രദേശങ്ങളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

**കണ്ണൂർ മഴ-ഇൻട്രോ**

കണ്ണൂർ ജില്ലയിൽ കനത്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടം.

*വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ .ഒ .ശശിധരൻ*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**ഗോവിന്ദച്ചാമി വിയ്യൂരിൽ**

ജയിൽ ചാടി മണിക്കൂറുകൾക്കകം പിടിയിലായ കുപ്രസിദ്ധകുറ്റവാളി ഗോവിന്ദച്ചാമിയെ വിയ്യൂർ സെൻട്രൽ ജയിലേക്ക് മാറ്റി. ഇന്ന് രാവിലെ 7 30 ഓടെയാണ് കനത്ത സുരക്ഷയിൽ വിയ്യൂരിലേക്ക് കൊണ്ടുപോയത്.

&&&&&&&&&&&&&&&&&&

**തേവലക്കര സ്കൂൾ നടപടി**

കൊല്ലത്ത് സ്കൂളിൽ വെച്ച് വൈദ്യുതാഘാതമേറ്റ് എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുൻ മരിച്ച സംഭവത്തിൽ തേവലക്കര ഹൈസ്കൂളിലെ മാനേജരെ പിരിച്ചുവിട്ടു. താത്കാലികമായി സ്കൂള് ഭരണം കൊല്ലം വിദ്യാഭ്യാസ ജില്ലാ ഓഫീസർക്ക് കൈമാറുമെന്നും മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കുട്ടിയുടെ കുടുംബത്തിന് ഉടൻ ധനസഹായം നൽകും. പുതിയ വീട് വെച്ച് നൽകും. സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി**

സംസ്ഥാനത്തെ ജയിൽ സുരക്ഷ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നതതലയോഗം വിളിച്ചു. ഓൺലൈൻ വഴിയാണ് യോഗം.

&&&&&&&&&&&&&&&&&&

**ക്രൈം കോൺഫറൻസ് DGP**

സംസ്ഥാന പോലീസ് മേധാവിയുടെ സമ്പൂർണ ക്രൈം കോൺഫറൻസ് ചേരുന്നു. തിരുവനന്തപുരം പൊലീസ് ആസ്ഥാനത്താണ് യോഗം. സംസ്ഥാന പൊലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ ചുമതലയേറ്റ ശേഷമുള്ള ആദ്യ സമ്പൂർണ ക്രൈം കോൺഫറൻസ് ആണ് ഇത്.

RNU TVPM

&&&&&&&&&&&&&&&&&&

**കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ-ഇൻട്രോ**

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഒറ്റക്കുടക്കീഴിലാക്കി ഓൺലൈൻ വിൽപനയ്ക്ക് ഒരുങ്ങുന്നു.

***വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ***

*(വോയിസ്)*

&&&&&&&&&&&&&&&&&&

**ശബരിമല- മിൽമ**

ശബരിമലയിലെ അരവണ, ഉണ്ണിയപ്പം എന്നിവയുടേയും പമ്പാ, നിലക്കൽ ദേവസ്വങ്ങളിലെ പ്രസാദങ്ങളുടെയും നിർമാണത്തിനാവശ്യമായ നെയ് മിൽമയിൽ നിന്ന് വാങ്ങും. ഇതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡും മിൽമയും
ഉടൻ കരാർ ഒപ്പിടുമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത് അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**ചെസ്**

വനിത ചെസ് ലോകകപ്പ് ഫൈനലിലെ ആദ്യമത്സരത്തിൽ ഇന്ന് ഇന്ത്യൻ താരങ്ങളായ കൊനേരു ഹംപിയും ദിവ്യ ദേശ് മുഖും ഏറ്റുമുട്ടും. ജോർജിയയിലെ ബാതുമിയിൽ ഇന്ന് വൈകിട്ട് 4.30നാണ് മത്സരം. രണ്ടാം മത്സരം നാളെ നടക്കും. സമനില വന്നാൽ മറ്റന്നാൾ നടക്കുന്ന ടൈബ്രേക്കറിലൂടെ വിജയിയെ നിശ്ചയിക്കും.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഇന്ത്യ -ഇംഗ്ലണ്ട് നാലാം ടെസ്റ്റിന്റെ നാലാംദിനമായ ഇന്ന് ഇംഗ്ലണ്ട് ഒന്നാം ഇന്നിങ്സ് ബാറ്റിങ് പുനരാരംഭിക്കും. 7 വിക്കറ്റിന് 544 റൺസ് എന്ന നിലയിലാണ് ഇംഗ്ലണ്ട്. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇംഗ്ലണ്ട് 2 - 1നു മുന്നിലാണ്.

&&&&&&&&&&&&&&&&&&

## ചിന്തൻ ബൈഠക്

ശിക്ഷ സംസ്കൃതി ഉത്ഥാൻ ന്യാസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജ്ഞാനസഭയ്ക്ക് നാളെ ഇടപ്പള്ളി അമൃത മെഡിക്കൽ കോളജിൽ തുടക്കമാകും. ഇതിനുമുന്നോടിയായുള്ള ദേശീയ വിദ്യാഭ്യാസ ചിന്തൻ ബൈഠക്കിന് പിറവത്ത് തുടക്കമായി. ആർഎസ്എസ് സർസംഘചാലക് മോഹൻ ഭാഗവത്തും രാജ്യത്തിൻറെ വിവിധ മേഖലയിൽ നിന്നുള്ള വിദ്യാഭ്യാസ വിദഗ്ധരും ചിന്തൻ ബൈഠക്കിൽ പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&&&

## സ്വർണ വില

സ്വർണവില കുറഞ്ഞു .സ്വർണം പവന് 400 രൂപ കുറഞ്ഞു 73,280 രൂപയും ,ഗ്രാമിന് 50 രൂപ താഴ്ന്നു 9,160 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&&&&

## തദ്ദേശ തെരഞ്ഞെടുപ്പ്

തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ ആഗസ്റ്റ് ഏഴുവരെ പേരു ചേർക്കാനും തിരുത്താനും അവസരം. 2025 ജനു വരി ഒന്നിനകം 18 വയസ്സ് പൂർ ത്തിയായവർക്ക് പേര് ചേർക്കാം. കരട് വോട്ടർപ്പട്ടിക സംസ്ഥാന തെരഞ്ഞെടുപ്പു കമീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പേരു ചേർക്കാനും തിരുത്താനും വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാം.

&&&&&&&&&&&&&&&&&&

RNJ TVPM

## കണ്ണൂർ തെരഞ്ഞെടുപ്പ്

തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ വോട്ടിംഗ് യന്ത്രങ്ങളുടെ ആദ്യഘട്ട പരിശോധന അടുത്ത മാസം ഒന്ന് മുതൽ 23 വരെ നടക്കും. 3670 കൺട്രോൾ യൂണിറ്റുകളും 9750 ബാലറ്റ് യൂണിറ്റുകളും ആണ് ജില്ലയിലുള്ളത്.

&&&&&&&&&&&&&&&&&&

## സപ്ലൈകോ

ഓണത്തിന് മുന്നോടിയായി സപ്ലൈകോ വില്പനശാലകളിൽ ഉൽപ്പന്നങ്ങൾക്ക് വൻ വിലക്കുറവ്. ഈ മാസം 31 വരെ ഹാപ്പി അവേഴ്സ് എന്ന പേരിൽ ഉച്ചയ്ക്ക് രണ്ടു മുതൽ നാലു

വരെയാണ് വിലക്കുറവ് നൽകുന്നത്. സാധാരണ ലഭിക്കുന്ന വിലക്കുറവിനെക്കാൾ 10 ശതമാനം വരെ അധിക വിലക്കുറവ് വിവിധ ഉൽപ്പന്നങ്ങൾക്ക് ലഭിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM